തിയ്യതി:08/03/2019

**മലപ്പുറം ജില്ലാ കലക്ടറുടെ നടപടിക്രമം**

(ഹാജർ :-അമിത് മീണ ഐ.എ.എസ്)

വിഷയം:- മലപ്പുറം ജില്ല തിരൂരങ്ങാടി താലൂക്ക് -നെടുവ വില്ലേജ്-ചേളാരി ചെട്ടിപ്പടി റെയിൽവെ മേൽപ്പാല നിർമ്മാണത്തിന് വേണ്ടിയുള്ള സ്ഥലമെടുപ്പ് -സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുമതി നൽകികൊണ്ട് സമുചിത സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച് .

സൂചന:- 1) 02/07/2018 തീയതിയിലെ ജി.ഒ(ആർ.റ്റി)നമ്പർ2510/2018/ ആർ.ഡി നമ്പർ സർക്കാർ ഉത്തരവ് .

2) 29/06/2016 തീയതിയിലെ ജി.ഒ (പി) 376/2016 / ആർ.ഡി നമ്പർ സർക്കാർ ഉത്തരവ് .

3) 10/01/2019 തീയതിയിലെ വിദഗ്ധ സമിതി റിപ്പോർട്ട്.

**********************

മലപ്പുറം ജില്ല തിരൂരങ്ങാടി താലൂക്ക് നെടുവ വില്ലേജ് ചേളാരി ചെട്ടിപ്പടി റെയിൽവെ മേൽപ്പാല നിർമ്മാണത്തിന് വേണ്ടിയുള്ള സ്ഥലമെടുപ്പിന് റോഡ്സ് &ബ്രിഡ്ജസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അർത്ഥന സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 (RFCTLARR Act-2013)അദ്ധ്യായം 2എ പ്രകാരമുള്ള സാമൂഹ്യ പ്രത്യാഘാത പഠനം കേരള വോളന്ററി ഹെൽത്ത് സർവ്വീസസ് ,മുള്ളൻകുഴി,കലക്ടറേറ്റ് (പി.ഒ)കോട്ടയം മുഖേന നടത്തി സമർപ്പിച്ച റിപ്പോർട്ട് ടി ആക്ടിലെ 7-ാം വകുപ്പ് പ്രകാരം വിദഗ്ധ സമിതി വിലയിരുത്തി 6-ാം ഉപവകുപ്പ് അനുശാസിക്കും വിധം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ് . 200 ആർ വരെയുള്ള ഏറ്റെടുക്കൽ നടപടികളിൽ സമുചിത സർക്കാർആയി ജില്ലാ കളക്ടറെ പരാമർശം (2)പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട് .

ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശങ്ങളും സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ടും വിദഗ്ധ സമിതിയുടെ വിലയിരുത്തലും ടി നിയമത്തിലെ 8-ാം വകുപ്പ് പ്രകാരം വിശദമായി പരിശോധിച്ചതിൽ നിർദ്ദിഷ്ട പദ്ധതി പൊതു ആവശ്യത്തിൽ ഉൾപ്പെട്ട് വരുന്നതാണെന്നും ആയതിന്റെ നേട്ടങ്ങളും ആവശ്യകതയും സാമൂഹിക അസൗകര്യങ്ങളേയും പ്രത്യാഘാതങ്ങളേയും അപേക്ഷിച്ച് വളരെ കൂടുതലാണെന്ന് ബോധ്യമായിരിക്കുന്നു.ടി പദ്ധതിക്ക് അനുയോജ്യമായ മറ്റ് സർക്കാർ ഭൂമിയോ നേരത്തെ ഏറ്റെടുത്ത് ഉപയോഗിക്കാത്ത ഭൂമിയോ ലഭ്യമല്ലായെന്നും കണ്ടെത്തിയിട്ടുണ്ട് .ബദൽ മാർഗ്ഗങ്ങൾ പ്രായോഗികമല്ലാത്തതിനാലും ഈ പദ്ധതി പൊതു ജനങ്ങൾക്ക് അത്യാന്താപേക്ഷിതമായതിനാലും മേൽസ്ഥലമെടുപ്പിന് വേണ്ടി ഏറ്റെടുക്കേണ്ട 46.37 ആർ ഭൂമി പദ്ധതിക്ക് ആവശ്യമായ ചുരുങ്ങിയ വിസ്തീർണ്ണം മാത്രമാണെന്നതിനാലും ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി തുടരുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 അനുസരിച്ചുള്ള തുടർ നടപടികൾക്ക് അനുവാദം നൽകി ഇതിനാൽ ഉത്തരവാകുന്നു.

ജില്ലാ കളക്ടർ

പകർപ്പ്

1.അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ വകുപ്പ് (ആമുഖ കത്ത് സഹിതം)

2.ബന്ധപ്പെട്ട വ്യക്തികൾക്ക് /ഉദ്യോഗസ്ഥർക്ക്

3.പൊന്നും വില ആഫീസർക്ക് -നിയമം അനുശാസിക്കുന്ന സ്ഥലങ്ങളിൽ പരസ്യപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് .

4.ജില്ലാ ഇൻഫർമാറ്റിക് ഒ◌ാഫീസർക്ക് -സർക്കാർ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്

5.മാനേജിംഗ് ഡയറക്ടർ,റോഡ്സ് &ബ്രിഡ്ജസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്,പാലാരി വട്ടം ,കൊച്ചി

Signature Not Verified

Digitally signed by AMIT MEENA
Date: 2019.03.08 17:51:17 IST
Reason: Approved